മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത്

ഓപ്പറേഷൻ ക്ഷാൻ 2.0. ബോധവത്കരണ പ്രവർത്തനങ്ങൾ

കേരളത്തിൽ ലഹരിവസ്തുക്കളുടെ ഉപയോഗവും വ്യാപനവും പൂർണമായി തടയുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സംസ്ഥാനതല ലഹരിവിരുദ്ധ പ്രവർത്തനത്തിന്റെ രണ്ടാം ഘട്ടമാണ് **ഓപ്പറേഷൻ ക്ഷാൻ 2.0. .“ക്ഷാൻ തദ്ദേശം – ലഹരിക്കെതിരെ ജനകീയ മുന്നണി”** എന്ന മുദ്രാവാക്യത്തോടെയുള്ള ഈ ക്യാമ്പയിന്റെ ഭാഗമായി മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് സെപ്റ്റംബർ മാസം 11 ാം തീയതി രാവിലെ 11 മണിക്ക് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്തിൽ ലഹരി വിരുദ്ധ ബോധവത്കരണ പരിപാടി സംഘടിപ്പിച്ചു. ജനപങ്കാളിത്തം വർധിപ്പിക്കുക, ലഹരിയുടെ ആവശ്യകത കുറയ്ക്കുക, സാമൂഹിക ജാഗ്രത ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ സംഘടിപ്പിച്ച പരിപാടി മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നെജി ഷാനവാസ് ഫ്ലാഗ് ഓഫ് ചെയ്ത് ഉത്ഘാടനം നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് ശ്രീ ജോസ് പെരുമ്പിള്ളിക്കുന്നേൽ , ബ്ലോക്ക് ഡിവിഷൻ മെമ്പർമാർ, മൂവാറ്റുപുഴ എസ്.ഐ ശ്രീ അനിൽകുമാർ ,ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. പ്രസിഡന്റ് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും മറ്റുള്ളവർ ഏറ്റു ചൊല്ലുകയും ചെയ്തു. പ്രസിഡന്റ്, വൈസ് പ്രസിഡന്റ് ബ്ലോക്ക് ഡിവിഷൻമെമ്പർമാർ ,സെക്രട്ടറി എന്നിവർ സംസാരിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ പ്രാധാന്യത്തെകുറിച്ച് എസ്.ഐ ശ്രീ അനിൽകുമാർ സംസാരിച്ചു. തുടർന്ന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും എസ്.ഐ യിൽ നിന്നും ക്ഷാൻ വാരിയർ ബാഡ്ജ് സ്വീകരിച്ചു

കേരളത്തിൽ ലഹരിമാഫിയയുടെ വേരറുക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാന ആഭ്യന്തര വകുപ്പ് നടപ്പിലാക്കുന്ന വിപുലമായ മയക്കുമരുന്ന് വിരുദ്ധ ദൗത്യമായ **ഓപ്പറേഷൻ ക്ഷാൻ** പദ്ധതിക്ക് പിന്തുണ പ്രഖ്യാപിച്ച് മൂവാറ്റുപുഴ ബ്ലോക്ക് പഞ്ചായത്ത് വാക്കത്തോൺ സംഘടിപ്പിച്ചു.. ഒക്ടോബർ 22 വ്യാഴാഴ്ച രാവിലെ 6 മണിക്ക് പായിപ്ര പഞ്ചായത്തിലെ പേഴക്കാപ്പിള്ളി കവലയിൽ നിന്ന് ആരംഭിച്ച വാക്കത്തോൺ മൂവാറ്റുപുഴ നെഹ്റു പാർക്കിൽ സമാപിച്ചു.. അഡ്വ. ഡീൻ കുര്യാക്കോസ് എംപി, ഡോ. മാത്യു കുഴൽനാടൻ എംഎൽഎ, ജില്ല പഞ്ചായത്ത് പ്രസിഡന്റ് ശ്രീ കെ.ജി രാധാകൃഷ്ണൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നെജി ഷാനവാസ് എന്നിവർ നേതൃത്വം നൽകിയ വാക്കത്തോണിന്റെ മുഖ്യ അതിഥിയായി പാലക്കാട് എംഎൽഎയും ചലച്ചിത്ര താരവുമായ ശ്രീ രമേശ് പിഷാരടി പങ്കെടുത്തു. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ വിവിധ പഞ്ചായത്തുകളിലെ മുഴുവൻ ജനപ്രതിനിധികളും ജില്ല പഞ്ചായത്ത് അംഗങ്ങളും വാക്കത്തോണിന്റെ ഭാഗമായി. ഏകദേശം 200 ഓളം ആൾക്കാർ വാക്കത്തോണിൽ പങ്കെടുത്തു.